ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം:**DGE/10270/2026-A5**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 18-06-2026
ഇ-മെയിൽ :supdta.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-പ്രൈമറി ഹെഡ്മാസ്റ്റർമാരുടെ 2026-27 വർഷത്തെ പൊതുസ്ഥലംമാറ്റം നടത്തുന്നത് സംബന്ധിച്ച് .

സൂചന :- 1) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17/02/2026-ലെ ഇതേ നമ്പർ സർക്കുലർ.

2) കേരള ഗവൺമെന്റ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ ഇ.ടി.കെ ഇസ്മയിൽ 4/6/2026 തീയതിയിൽ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ.

3) OA(EKM)-561/2026 നം. കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 11/06/2026-ലെ ഉത്തരവ്.

******************

27-03-2026-ലെ G.O.(Ms)No.44/2026/GAD പ്രകാരം 2026-2027-ലെ സെൻസസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരെ 31 മാർച്ച് 2027 വരെ ട്രാൻസ്ഫർ ചെയ്യുകയോ ഷിഫ്റ്റ് ചെയ്യുകയോ ചെയ്യരുതെന്നും അവരെ നിലവിലെ പൊസിഷനിൽ retain ചെയ്യണമെന്നും നിർ ദേശിച്ചിരുന്നു. ജില്ലകളിലെ നിരവധി അദ്ധ്യാപകരെ സെൻസസ് ഡ്യൂട്ടിക്ക് നിയോഗിച്ചു കൊണ്ടുള്ള ഉത്തരവുകൾ ലഭിച്ചു തുടങ്ങിയെന്ന വിവരം DDE-മാർ അറിയിച്ചതിൻ പ്രകാരം റവന്യൂ ജില്ലാതല സ്ഥലംമാറ്റ നടപടിയുടെ ഭാഗമായ താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് (Provisional transfer list) പ്രസിദ്ധീകരിക്കേണ്ട തീയതി പുന:പരിശോധിച്ച് അറിയിക്കുന്നതാണ് എന്ന് DDE-മാർക്കും KITE-നും നിർദേശം നൽകിയിരുന്നു. കൂടാതെ Reeja V & Others ഫയൽ ചെയ്ത OA(EKM)-561/2026 നം. കേസിന്റെ 29/05/2026 ലെ ഇടക്കാല ഉത്തരവിൽ INTRA DISTRICT TRANSFER ഇനി ഒരു ഉത്തരവുണ്ടാകുന്നത് വരെ തുടരുവാൻ പാടില്ല എന്നും ഉത്തരവായിരുന്നു.

എന്നാൽ OA(EKM)-561/2026 നം. കേസിന്റെ 11/06/2026 ലെ ഉത്തരവിൽ, അപേക്ഷകരെല്ലാം എച്ച്എസ്എ വിഭാഗത്തിൽപ്പെട്ടവരായതിനാൽ, പ്രസ്തുത കേസ്സിൽ പുറപ്പെടുവിച്ചിരുന്ന 21.05.2026, 29.05.2026 തീയതികളിലെ ഇടക്കാല ഉത്തരവുകൾ എച്ച്എസ്എ വിഭാഗത്തിന് മാത്രമേ ബാധകമാകൂ എന്നും ഹെഡ്മാസ്റ്റർമാരുടെ ഇൻട്രാ-ഡിസ്ട്രിക്റ്റ് ട്രാൻസ്ഫറുകൾക്ക് ഇത് തടസ്സമാകില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പൊതു സ്ഥലംമാറ്റ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രൈമറി പ്രഥമാധ്യാപകരെ സെൻസസ് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടില്ല എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പാക്കിയ ശേഷം ടി അധ്യാപകർക്ക് ജില്ലക്കുള്ളിലെ സ്ഥലംമാറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ
(ഗവ.അഡീഷണൽ സെക്രട്ടറി)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

ഉള്ളടക്കം : സൂചന (3)